Page 1 of 2

(സി) രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കേണ്ട കാലപരിധി എത്രയാണ്; പ്രസ്തുത കാലപരിധി നീളുന്നത് നല്ലതാണെന്ന് വിദഗ്ധാഭിപ്രായമുണ്ടോ; എങ്കിൽ പ്രസ്തുത അഭിപ്രായം ആരുടേതാണെന്ന് വ്യക്തമാക്കുമോ?

കോവിഷീൽഡ് വാക്സിൻ ആദ്യ ഡോസിനുശേഷം 12 മുതൽ 16 ആഴ്ചയ്ക്കുള്ളിലാണ് രണ്ടാമത്തെ ഡോസ് എടുക്കേണ്ടത്. കോവാക്സിൻ ആദ്യ ഡോസിനുശേഷം 4 ആഴ്ച മുതൽ 6 ആഴ്ചയ്ക്കകം രണ്ടാം ഡോസ് സ്വീകരിക്കണം. കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് വാക്സിന്റെ കാലപരിധി തീരുമാനിക്കുന്നത്.

(ഡി) കേന്ദ്രത്തിൽ നിന്ന് സൗജന്യമായി എത്ര വാക്സിൻ ലഭിച്ചുവെന്നും പണം മുടക്കി എത്ര വാക്സിൻ വാങ്ങിയെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് 7-6-2021 വരെ ലഭ്യമാക്കിയ വാക്സിന്റെ വിവരങ്ങൾ താഴെപ്പറയുന്നു. സംസ്ഥാനം ആകെ വാങ്ങിയ കോവിഷീൽഡ് വാക്സിൻ 746710 (ഏഴ് ലക്ഷത്തി നാല്പത്തി ആറായിരത്തി എഴുന്നൂറ്റി പത്ത്) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവിഷീൽഡ് വാക്സിൻ 8589180 (എൺപത്തി അഞ്ച് ലക്ഷത്തി എൺപത്തി ഒൻപതിനായിരത്തി ഒരുനൂറ്റി എൺപത്) ഡോസുമാണ്. സംസ്ഥാനം ആകെ വാങ്ങിയ കോവാക്സിൻ 137580 (ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി അഞ്ഞൂറ്റി എൺപത്) ഡോസും, കേന്ദ്ര സർക്കാർ നൽകിയ കോവാക്സിൻ 944650 (ഒൻപത് ലക്ഷത്തി നാല്പത്തി നാലായിരത്തി അറുന്നൂറ്റി അൻപത്) ഡോസുമാണ്.

(ഇ) സംസ്ഥാനത്ത് ഇനി എത്ര പേർക്ക് വാക്സിൻ നൽകാനുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

18 വയസ്സിന് മുകളിലുള്ളവർക്ക് വാക്സിൻ നൽകാനുള്ള ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-2* ആയി ചേർക്കുന്നു.

മലപ്പുറം ജില്ലയിലെ കോവിഡ്-19 വാക്സിനേഷൻ കേന്ദ്രങ്ങൾ

228 (240) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ എത്ര കോവിഡ്-19 വാക്സിനേഷൻ കേന്ദ്രങ്ങളാണ് നിലവിലുള്ളത്; ഇതുവരെ എത്രപേർക്ക് വാക്സിനേഷൻ നടത്തിയിട്ടുണ്ട്; ജനസംഖ്യയുടെ എത്ര ശതമാനം പേർക്കാണ് വാക്സിനേഷൻ നടത്തിയിട്ടുള്ളത്; നിലവിലെ ആക്ടീവ് രോഗികൾ എത്രയാണെന്ന് അറിയിക്കുമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനസംഖ്യാ ആനുപാതികമായും വർദ്ധിച്ച ടി.പി.ആർ. നിരക്കും പരിഗണിച്ച് മലപ്പുറത്ത് കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ 115 സർക്കാർ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളും 2 സ്വകാര്യ കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളുമുണ്ട്. 1-6-2021 വരെ ആദ്യ ഡോസ് 591008 പേരും രണ്ടാമത്തെ ഡോസ് 134000 പേരും ആകെ 725008 പേരാണ് വാക്സിൻ സ്വീകരിച്ചത്. 1-6-2021-ലെ ടാർഗറ്റ് ജനസംഖ്യയിൽ 18 വയസ്സിന് മുകളിലുള്ള 3394790 ജനങ്ങളിൽ 21.36% പേർക്കാണ് വാക്സിനേഷൻ നടത്തിയത്. 1-6-2021 വരെ ആക്ടീവ് രോഗികൾ 40800 ആണ്. ജില്ലയിൽ നിലവിൽ വാക്സിൻ സൂക്ഷിക്കുന്ന (Cold Chain Point) ആരോഗ്യ സ്ഥാപനങ്ങളിലെല്ലാം കോവിഡ് വാക്സിനേഷൻ കേന്ദ്രം തുടങ്ങിയിട്ടുണ്ട്.

(സി) മങ്കട നിയോജകമണ്ഡലത്തിൽ കൂടുതൽ വാക്സിനേഷൻ കേന്ദ്രങ്ങൾ അനുവദിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്?

മങ്കട നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലെയും ആരോഗ്യ-സ്ഥാപനങ്ങളിൽ കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അങ്ങാടിപ്പുറം, കൂട്ടിലങ്ങാടി, പാങ്ങ് (കുറുവ) മക്കരപ്പറമ്പ്, മൂർക്കനാട് എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും, മങ്കട, പുഴക്കാട്ടിരി എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും കോവിഡ് വാക്സിനേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

കോവിഡ് വാക്സിനേഷൻ

229 (241) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോവിഡ് വാക്സിനേഷൻ എത്ര ശതമാനം ആളുകൾക്ക് നൽകി എന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു* .

(ബി) ഓരോ ജില്ലയ്ക്കും വാക്സിനുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വെളിപ്പെടുത്തുമോ; ജനസംഖ്യാനുപാതികമായി വാക്സിനുകൾ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.